# ഐ.എൻ.റ്റി.യു.സി
# ഏകദിന സംസ്ഥാന ട്രേഡ് യൂണിയൻ
# നേതൃസംഗമം

**2018 ആഗസ്റ്റ് 5**

**S. K. കൺവെൻഷൻ സെന്റർ**

**ആലപ്പുഴ**

# ചർച്ചാ രേഖ

| | | |
|---|---|---|
| ലോക ജനസംഖ്യ | - | 760 കോടി |
| ലോക തൊഴിലാളികൾ | - | 342 കോടി |
| ഇന്ത്യൻ ജനസംഖ്യ | - | 135 കോടി |
| ഇന്ത്യൻ തൊഴിലാളികൾ | - | 60 കോടി |
| കേരള ജനസംഖ്യ | - | 3.5 കോടി |
| കേരള തൊഴിലാളികൾ | - | 150 ലക്ഷം |
| തൊഴിലുറപ്പ് തൊഴിലാളികൾ ഇന്ത്യയിൽ | - | 25 കോടി |
| തൊഴിലുറപ്പ് തൊഴിലാളികൾ കേരളത്തിൽ | - | 52.83 ലക്ഷം |

## 2014 പാർലമെന്റ് തിരഞ്ഞെടുപ്പ്

| | | |
|---|---|---|
| ആകെ ജനസംഖ്യ | - | 127 കോടി |
| വോട്ടർപ്പട്ടികയിൽ പേരുണ്ടായിരുന്നവർ | - | 81.5 കോടി |
| വോട്ട് ചെയ്തവർ | - | 55.38 കോടി |
| ബി.ജെ.പി. യ്ക്ക് ലഭിച്ച വോട്ട് | - | 17.98 കോടി |
| കോൺഗ്രസ്സിന് ലഭിച്ച വോട്ട് | - | 10.69 കോടി |
| മറ്റുള്ളവർക്ക് ലഭിച്ച വോട്ട് | - | 26.71 കോടി |

# ആമുഖം

**സഹപ്രവർത്തകരെ,**

ഐ.എൻ.റ്റി.യു.സി. സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന ഈ ഏക ദിന സംസ്ഥാന ട്രേഡ് യൂണിയൻ നേതൃസംഗമത്തിൽ പങ്കെടുത്തിരിക്കുന്ന മുഴുവൻ നേതാക്കളെയും ഞാൻ ആദ്യമായി അഭിവാദ്യം ചെയ്യുന്നു.

കേരളത്തിലെ ഓരോ ഐ.എൻ.റ്റി.യു.സി യൂണിയന്റെയും പ്രവർത്തനം കൂടുതൽ ചിട്ടയായും കർമ്മോജ്വലമായും ഉണർത്തിയെടുക്കുവാൻ ഉദ്ദേശിച്ചു കൊണ്ടാണ് ഈ നേതൃസമ്മേളനം ഇവിടെ നടക്കുന്നത്. തൊഴിലാളികളും ട്രേഡ് യൂണിയൻ പ്രസ്ഥാന ങ്ങളും ആഗോളതലത്തിലും, ദേശീയ - സംസ്ഥാന തലത്തിലും, പ്രത്യേകിച്ച് ഓരോ തൊഴിൽ മേഖലയിലും, ഗുരുതരമായ പ്രതിസന്ധികൾ നേരിടുന്ന കാലഘട്ടമാണിന്ന്. ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷനും, ഇന്റർ നാഷണൽ ട്രേഡ് യൂണിയൻ കോൺഫെഡറേഷനും, ഐ.എൻ.റ്റി.യു.സി ഉൾപ്പടെയുള്ള ദേശീയ ട്രേഡ് യൂണിയനു കളും സജീവമായി ഈ വിഷയം ചർച്ച ചെയ്യുന്നു. ഇന്ന് തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ദേശീയ തലത്തിലും അന്തർദേശീയതലത്തിലും യോജിച്ച പോരാട്ടം അനിവാര്യമാണെന്ന വിലയിരുത്തലിലാണ് എല്ലാവരും.

ഈ സാഹചര്യത്തിൽ ഈ ഏകദിന നേതൃസംഗമത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷ യങ്ങൾ സംബന്ധിച്ച് ലഘുവിവരണം ഇവിടെ സമർപ്പിക്കുന്നു. ഈ വസ്തുതകളെ അടി സ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ഓരോ യൂണിയന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. അതിനുള്ള തുടക്കമാകട്ടെ - ഈ ഏകദിന നേതൃസംഗമം എന്ന് ആശിക്കുന്നു.

നിങ്ങളുടെ അറിവിനും ചർച്ചകൾക്കുമായി ഈ കർമ്മരേഖ
സവിനയം നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു.





**ആർ. ചന്ദ്രശേഖരൻ**
**INTUC സംസ്ഥാന പ്രസിഡന്റ്**

# ട്രേഡ് യൂണിയനും – രാഷ്ട്രീയവും

തൊഴിലാളിയിൽ തുടങ്ങി – ഐക്യരാഷ്ട്രസഭയിൽ അവസാനിക്കുന്ന സംഘടനാ സംവിധാനമാണ് ഒരു തൊഴിലാളിക്കുള്ളത്.

**തൊഴിലാളി**

↓

**ട്രേഡ് യൂണിയൻ**

↓

**ട്രേഡ് യൂണിയനുകളുടെ ദേശീയ സംഘടന**
**INTUC**

↓

**ട്രേഡ് യൂണിയനുകളുടെ അന്തർദേശീയ ഫെഡറേഷൻ**
**ITUC**

↓

**ഇന്റർ നാഷണൽ ലേബർഓർഗനൈസേഷൻ**
**ILO**

↓

**ഐക്യരാഷ്ട്ര സംഘടന**

## ട്രേഡ് യൂണിയൻ

രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്നും തീർത്തും വ്യത്യസമാണ് ട്രേഡ് യൂണിയൻ പ്രവർത്തനം. ഏതൊരു തൊഴിൽ ചെയ്യുന്നവർക്കും, നല്ലൊരു ജീവിതനിലവാരം പ്രാപ്തമാക്കാൻ കഴിയുംവിധം മാറിമാറി വരുന്ന വ്യവസ്ഥിതികൾക്കനുസരിച്ച് നിയമപരമായും, കൂട്ടായവില പേശലിലൂടെയും തൊഴിലാളികളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുകയും, നേടിക്കൊടുക്കുകയും ചെയ്യുക എന്നതാണ് ട്രേഡ് യൂണിയൻ പ്രവർത്തനം. 1926 – ലെ ട്രേഡ് യൂണിയൻ നിയമത്തിനും ഇന്ത്യൻ ഭരണഘടനാ വ്യവസ്ഥകൾക്കും, നിരവധി നിയമനിബന്ധനകൾക്കും വിധേയമായിട്ടാണ് ട്രേഡ് യൂണിയൻ പ്രവർത്തനം.

## രാഷ്ട്രീയം

ഒരു പ്രത്യേക ആശയപ്രവർത്തനങ്ങളിലൂടെ ജനങ്ങളെ സംഘടിത രൂപത്തിലാക്കി അവരുടെ പിന്തുണ ആർജ്ജിച്ച് ഭരണസ്ഥാനമാനങ്ങൾ നേടുന്ന പ്രക്രിയയാണ് രാഷ്ട്രീയം. ഇതിനായി പ്രവർത്തിക്കുന്ന സംഘടനയെ രാഷ്ട്രീയ പാർട്ടിയെന്നും – പ്രവർത്തിക്കുന്നവരെ രാഷ്ട്രീയ പ്രവർത്തകരെന്നും പറയുന്നു. ചുരുക്കത്തിൽ എങ്ങനെയും പഞ്ചായത്ത് മെമ്പർ മുതൽ എം.എൽ.എ.യും, മന്ത്രിയും, എം.പി.യും, പ്രധാനമന്ത്രിയും വരെ ആകാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനമാണ് രാഷ്ട്രീയ പ്രവർത്തനം.

# ഐ.എൻ.റ്റി.യു.സി.യും
# ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും

1947 മെയ് 3 ന് സർദാർ വല്ലഭായ് പട്ടേലിന്റെ അദ്ധ്യക്ഷതയിൽ ഡൽഹി കോൺസ്റ്റിറ്റുവന്റ് അസംബ്ലി ഹാളിൽ ചേർന്ന 200 ഓളം ട്രേഡ് യൂണിയനുകളുടെ സമ്മേളനം ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് (ഐ.എൻ.റ്റി.യു.സി) സ്ഥാപിച്ചു.

AICC പ്രസിഡന്റ് ജെ.ബി. കൃപലാനി ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മുഖ്യപ്രഭാഷണം നടത്തി. സ്ഥലത്തില്ലാതിരുന്ന മഹാത്മഗാന്ധിയുടെ അനുഗ്രഹപ്രഭാഷണം യോഗത്തിൽ വായിച്ചു.

കോൺഗ്രസ്സ് നേതാക്കളായ ഗുൽസാരിലാൽ നന്ദ, ജഗ്ജീവൻ റാം, എസ്.കെ. പട്ടേൽ, റാം മനോഹർ ലോഹ്യ എന്നിവരും സുരേഷ് ചന്ദ്ര ബാനർജി, ജി. രാമാനുജം തുടങ്ങിയ പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കളും ഈ സ്ഥാപക സമ്മേളനത്തിൽ പങ്കെടുത്തു.

71 വർഷം പിന്നിട്ട ഐ.എൻ.റ്റി.യു.സി യുടെ പ്രവർത്തനം സമരപോരാട്ടങ്ങളുടെയും അവകാശ സംരക്ഷണത്തിന്റെയും ചരിത്രമാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ 18 വർഷത്തെ ഭരണത്തിൽ നിർമ്മിക്കപ്പെട്ട 18 തൊഴിലാളി സംരക്ഷണ നിയമങ്ങളും, ഇന്ദിരാ ഗാന്ധിയുടെ 15 വർഷത്തെ ഭരണത്തിൽ നടപ്പിലാക്കിയ 15 നിയമങ്ങളും ഐ.എൻ.റ്റി.യു.സി.യുടെ കൈയ്യൊപ്പ് പതിഞ്ഞ ഇന്നും ജീവൻ തുടിക്കുന്ന തൊഴിലാളികളുടെ അവകാശ സംരക്ഷണ രേഖകളാണ്.

6426 ട്രേഡ് യൂണിയനുകളിലായി 3 കോടി 33 ലക്ഷം തൊഴിലാളി അംഗബലമുള്ള സംഘടനയാണ് ഐ.എൻ.റ്റി.യു.സി. ഇതിൽ കേരളത്തിലെ അംഗസംഖ്യ 16.54 ലക്ഷമാണ്. ബൽജിയം ആസ്ഥാനമായുള്ള ഇന്റർ നാഷണൽ ട്രേഡ് യൂണിയൻ കോൺഫെഡറേഷനിലെ അംഗത്വവും, ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷനിലെ ഭരണപങ്കാളിത്വവും, ഐക്യരാഷ്ട്ര സഭയുടെ അംഗീകാരവും, ഐ.എൻ.റ്റി.യു.സിയുടെ അന്തർദേശീയ പ്രസക്തി ബോധ്യപ്പെടുത്തുന്നു.

ഇന്ത്യയിലെ BMS ഒഴികെയുള്ള 10 ഓളം കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത ഐക്യവേദിക്ക് നേതൃത്വം കൊടുക്കുന്നത് ഐ.എൻ.റ്റി.യു.സി.യാണ് എന്നത് ഇതര ട്രേഡ് യൂണിയനുകളും ഐ.എൻ.റ്റി.യു.സി.യെ അംഗീകരിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ്.

1885 – ൽ സ്ഥാപിതമായ കോൺഗ്രസ്സിനെ സ്വാതന്ത്ര്യ സമരത്തിന്റെ വ്യക്തമായ ദിശബോധത്തിലേയ്ക്ക് നയിച്ചത് ഇന്ത്യയിലെ തൊഴിലാളി പ്രക്ഷോഭങ്ങളാണ്. 1862 ൽ കൽക്കത്തയിലെ ഹൗറയിൽ റെയിൽവേ തൊഴിലാളികൾ സ്വയം സംഘടിതരായി നടത്തിയ പണിമുടക്കും, 1870 ൽ വർക്കിംഗ് മെൻ ക്ലബ്ബ് എന്ന പേരിൽ സംഘടന രൂപീകരിച്ച് ശശിപാദ ബാനർജിയുടെ നേതൃത്വത്തിൽ കൽക്കത്തയിലെ വിവിധ മേഖലകളിൽ നടന്ന പ്രക്ഷോഭങ്ങളും, 1870 ലും 1875 ലും ബോംബയിൽ നടന്ന വൻതൊഴിലാളി പണിമുടക്കുകളും, 1877 ൽ നാഗ്പൂർ എക്സ്പ്രസ്സ് മില്ലിൽ നടന്ന ശക്തമായ പണിമുടക്കും രാജ്യം കണ്ട തൊഴിലാളി പ്രക്ഷോഭങ്ങളാണ്. ഇതിന്റെ ഫലമായിട്ടാണ് 1881 ലെ ഫാക്ടറീസ് നിയമം നിർമ്മിച്ച് നടപ്പാക്കാൻ ബ്രിട്ടീഷ് സർക്കാർ തയ്യാറായത്. തൊഴിലാളികൾ ഈ വിധ പ്രക്ഷോഭങ്ങളെല്ലാം നടത്തുമ്പോൾ രാജ്യത്ത് കോൺഗ്രസ്സ് ഉൾപ്പെടെ ഒരു രാഷ്ട്രീയ പാർട്ടിയും രൂപമെടുത്തിട്ടില്ല.

1917 -ൽ നീലം കർഷക തൊഴിലാളി പ്രശ്നങ്ങളിൽ ഇടപ്പെട്ട് ഗാന്ധിജി നടത്തിയ ചമ്പാരൻ പ്രക്ഷോഭം തൊഴിലാളി സമരങ്ങൾക്ക് പുതിയ ദിശബോധം നൽകി. തൊട്ടടുത്ത വർഷം ഗാന്ധിജി നയിച്ച 1918 – ലെ അഹമ്മദബാദ് ടെക്സ്റ്റയിൽ തൊഴിലാളി സമരം കൂടി വിജയത്തിലെത്തിയപ്പോൾ തൊഴിലാളി സമരത്തിന്റെ ശക്തിയും പ്രധാന്യവും ബ്രിട്ടീഷ് ഭരണക്കൂടത്തിനും കോൺഗ്രസ്സിനും ബോധ്യമായി.

1919 – ലെ അമൃത്സർ AICC സമ്മേളനത്തിൽ ദേശീയ ട്രേഡ് യൂണിയൻ രൂപീകരിക്കണമെന്ന നിർദ്ദേശം ഗാന്ധിജി ഉന്നയിച്ചു. ഈ നിർദ്ദേശം അംഗീകരിച്ച കോൺഗ്രസ്സ് 1920 ഒക്ടോബർ 31 ന് ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് അഥവാ AITUC രൂപീകരിച്ചു. കോൺഗ്രസ്സ് പ്രസിഡന്റ് ലാലാ ലജ്പത് റായ് AITUC യുടെയും പ്രസിഡന്റായി.

AITUC യുടെ നേതൃത്വത്തിൽ നടന്ന തൊഴിലാളി പ്രക്ഷോഭങ്ങൾ രാജ്യമാകെ അലയടിച്ചു. വെള്ളക്കാരുടെ തോട്ടം മേഖലയിലും വ്യവസായ ശാലകളിലും റെയിൽവെ ഉൾപ്പടെയുള്ള സേവന മേഖലകളിലും സമരങ്ങൾ ശക്തമായി നടന്നു. കോൺഗ്രസ്സ് പ്രഖ്യാപിച്ച സ്വാതന്ത്ര്യ സമരപ്രക്ഷോഭങ്ങളുടെ മുൻനിരയിൽ എപ്പോഴും തൊഴിലാളികളായിരുന്നു. ലാലാ ലജ്പത് റായിക്കു ശേഷം കോൺഗ്രസ്സ് നേതാക്കളായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും, സുഭാഷ്ചന്ദ്ര ബോസും, സി.ആർ. ദാസും, വി.വി. ഗിരിയും AITUC പ്രസിഡന്റുമാരായിരുന്നു.

1942 – ലെ ക്വിറ്റ് ഇന്ത്യാ സമരകാലത്ത് കോൺഗ്രസ്സുകാരായ AITUC യുടെ നേതാക്കളെല്ലാം ജയിലിൽ അടയ്ക്കപ്പെട്ടപ്പോൾ കമ്മ്യൂണിസ്റ്റുകാർ ബ്രിട്ടീഷ് പട്ടാളത്തിന്റെയും പോലീസിന്റെയും പിൻതുണയോടെ AITUC നേതൃത്വം കൈയ്യടക്കി. അതുകൊണ്ടാണ് 1947 – ൽ ഐ.എൻ.റ്റി.യു.സി. രൂപീകരിക്കേണ്ടി വന്നത്.

സ്വാതന്ത്ര ഇന്ത്യയിൽ ഭരണഘടനാ നിർമ്മാണസഭ തിരഞ്ഞെടുപ്പിലെ വിജയികളിൽ നല്ലൊരു ശതമാനം തൊഴിലാളി പ്രവർത്തകരും നേതാക്കളുമായിരുന്നു. ഭരണഘടനാ സമിതി അദ്ധ്യക്ഷൻ ഡോ: രാജേന്ദ്ര പ്രസാദ് ചമ്പാരൻ പ്രക്ഷോഭം മുതൽ ഗാന്ധിജിയോടൊപ്പമുള്ള സജീവ തൊഴിലാളി പ്രവർത്തകനായിരുന്നു. ഭരണഘടനാ നിർമ്മാണ സഭ ഉപകമ്മിറ്റികൾ രൂപീകരിച്ചപ്പോൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, സർദാർ വല്ലഭഭായ് പട്ടേൽ, ജെ.ബി. കൃപലാനി എന്നീ തൊഴിലാളി നേതാക്കളെയാണ് ഉപകമ്മിറ്റി ചെയർമാൻമാരായി തെരഞ്ഞെടുത്തത്.

ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതി ഡോ: രാജേന്ദ്ര പ്രസാദും പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും ഉപപ്രധാനമന്ത്രി സർദാർ വല്ലഭായ് പട്ടേലും പിന്നീട് വന്ന രാഷ്ട്രപതി വി.വി. ഗിരിയും പ്രധാനമന്ത്രി ഗുൽസാരിലാൽ നന്ദയും തൊഴിലാളി നേതാക്കളായിരുന്നു.

ആരംഭ കോൺഗ്രസ്സ് പാർലമെന്റ് മെമ്പർമാരിൽ നല്ലൊരു ശതമാനവും, സംസ്ഥാന മുഖ്യമന്ത്രിമാരിൽ പലരും, എം.എൽ.എ മാരിൽ നല്ലൊരു ഭാഗവും തൊഴിലാളി പ്രവർത്തകരും നേതാക്കളുമായിരുന്നു.

1977 – ൽ ഇന്ദിരാഗാന്ധിയും കോൺഗ്രസ്സും പരാജയപ്പെട്ടപ്പോൾ പാർലമെന്റിലെ പ്രതിപക്ഷ നേതൃസ്ഥാനത്തേയ്ക്ക് തൊഴിലാളി നേതാവായിരുന്ന സി.എം. സ്റ്റീഫനെയാണ് ഇന്ദിരാഗാന്ധിയും, കോൺഗ്രസ്സും നിയോഗിച്ചത്.

1967 – ൽ കേരളത്തിൽ കോൺഗ്രസ്സ് ദയനീയമായി തോൽക്കുകയും, വെറും 9 എം.എൽ.എ മാരുമായി നിയമസഭയെ നേരിട്ടത് ട്രേഡ് യൂണിയൻ നേതാവായിരുന്ന കെ. കരുണാകരൻ ആയിരുന്നു.

1957 – ൽ ഒറ്റയ്ക്കും, 1967 – ൽ സപ്തകക്ഷി മന്ത്രിസഭയും രൂപീകരിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കേരളത്തിൽ അജയ്യ ശക്തിയായി മുന്നേറിയപ്പോൾ അതിനെതിരെ ശക്തമായ രാഷ്ട്രീയ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്തത് ഐ.എൻ.റ്റി.യു.സി. നേതാവായിരുന്ന കെ.കരുണാകരനും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ഐ.എൻ.റ്റി. യു.സി. നേതാക്കളുമായിരുന്നു.

ചുരുക്കത്തിൽ കോൺഗ്രസ്സിന്റെ പ്രതിസന്ധി കാലഘട്ടങ്ങളിലെല്ലാം പാർട്ടിക്കു വേണ്ടി നെടും തൂണായി പ്രവർത്തിച്ചിട്ടുള്ളത് തൊഴിലാളികളും ഐ.എൻ.റ്റി.യു.സി. പ്രസ്ഥാനവുമാണ്. ഈ ചരിത്ര സത്യം മനസ്സിലാക്കാനും തിരിച്ചറിയാനും കോൺഗ്രസ്സിനും അതിന്റെ നേതാക്കൾക്കും കഴിയണം.

## ഐ.എൻ.റ്റി.യു.സി പ്ലീനറി സമ്മേളനം – ഉത്തർപ്രദേശ്

ഐ.എൻ.റ്റി.യു.സി. 32–ാമത് ദേശീയ പ്ലീനറി സമ്മേളനം 2018 നവംബർ മാസം ഉത്തർപ്രദേശിൽ നടക്കുകയാണ്. ഇതിന് മുന്നോടിയായി 2018 മെയ് വരെ ഐ.എൻ.റ്റി. യു.സി. യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരളത്തിലെ യൂണിയനുകളുടെ വിശദവിവരങ്ങളും, അഫിലിയേഷൻ കുടിശ്ശിക വിവരങ്ങളും കേന്ദ്ര കമ്മിറ്റിയിൽ നിന്നും നൽകി കഴിഞ്ഞു. ഓരോ ജില്ലയിലെയും യൂണിയനുകളുടെ ഇതു സംബന്ധിച്ച വിവരങ്ങൾ INTUC ജില്ലാ കമ്മിറ്റികളെ അറിയിച്ചിട്ടുണ്ട്.

പ്ലീനറി സമ്മേളനത്തിൽ പങ്കെടുക്കുവാനുള്ള ദേശീയ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതും കേന്ദ്രകമ്മിറ്റിയ്ക്ക് ലിസ്റ്റ് സമർപ്പിക്കുന്നതും ഐ.എൻ.റ്റി.യു.സി ഭരണഘടന പ്രകാരം സംസ്ഥാന കമ്മിറ്റിയാണ്. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള വ്യക്തമായ നിബന്ധനകളും ഭരണഘടനയിൽ അനുശാസിക്കുന്നു. ഈ വ്യവസ്ഥകൾക്കനുസരിച്ചായിരിക്കും ദേശീയ പ്ലീനറി സമ്മേളന പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്.

ആയതിനാൽ ഐ.എൻ.റ്റി.യു.സി.യിൽ അഫിലിയേറ്റ് ചെയ്ത് കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ യൂണിയനുകളും, യൂണിയന്റെ രേഖകൾ കൃത്യമായി തയ്യാറാക്കുകയും, 2017 വരെയുള്ള യൂണിയനുകളുടെ ആന്വൽ റിട്ടേൺ DLO ഓഫീസിൽ സമർപ്പിക്കുകയും ഈ റിട്ടേൺസിലെ അംഗസംഖ്യപ്രകാരം കേന്ദ്ര – സംസ്ഥാന കമ്മിറ്റികൾക്ക് അടയ്ക്കേണ്ടതായ അഫിലിയേഷൻ കുടിശ്ശിക കൃത്യമായി അടച്ച് രസീത് കൈപ്പറ്റേണ്ടതും, ദേശീയ കൗൺസിൽ അംഗമായി പരിഗണിക്കപ്പെടുവാൻ അർഹത നേടേണ്ടതുമാണ്.

തൊഴിൽ മേഖലയും തൊഴിലാളികളും നിരവധി വെല്ലുവിളികൾ നേരിടുന്ന സന്ദർഭത്തിൽ നടക്കുന്ന 32-ാം INTUC പ്ലീനറി സമ്മേളനം ഇന്ത്യൻ തൊഴിലാളികളും, ലോക തൊഴിലാളികളും ഉറ്റുനോക്കുന്ന ഒന്നായിരിക്കും.

ഉത്തർപ്രദേശിലാണ് പ്ലീനറി സമ്മേളനം നടക്കുന്നത് എന്നതുകൊണ്ട് യാത്രക്കുള്ള തയ്യാറെടുപ്പുകൾ മുൻക്കൂട്ടി സ്വീകരിക്കേണ്ടതുണ്ട്. കൃത്യമായ സമ്മേളന തീയതി തീരുമാനമായാൽ ഉടൻ ഇത് സംബന്ധിച്ച വിവരം ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്.

## യൂണിയനുകളുടെ വാർഷിക റിട്ടേൺ സമർപ്പണം

ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് വളരെയധികം നിയന്ത്രണങ്ങൽ ഏർപ്പെടുത്തുവാനുള്ള നീക്കത്തിലാണ് ഭരണക്കൂടം. ഇപ്പോൾ രാജ്യത്ത് നിലനിൽക്കുന്ന 1926 - ലെ ട്രേഡ് യൂണിയൻ നിയമത്തിൽ സമൂലമാറ്റം വരുത്തി തൊഴിലാളി വിരുദ്ധ വകുപ്പുകൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടക്കുന്നു. ഇതിനുള്ള ഭേദഗതി ബില്ലുകൾ പാർലമെന്റിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നു. രാജസ്ഥാൻ ഉൾപ്പടെയുള്ള ചില സംസ്ഥാനങ്ങൾ ഈ ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും നിയമമാക്കുകയും ചെയ്തിരിക്കുന്നു.

നിലവിലെ നിയമവ്യവസ്ഥകൾ കർശനമായി നടപ്പിലാക്കി പല ട്രേഡ് യൂണിയനുകളുടെയും രജിസ്ട്രേഷൻ കാൻസൽ ചെയ്യുവാനുള്ള നടപടികളാണ് ഇന്ന് നടന്നു വരുന്നത്.

1926 - ലെ ട്രേഡ് യൂണിയൻ നിയമം സെക്ഷൻ 10 പ്രകാരം നിലവിലെ യൂണിയനുകളുടെ രേഖകൾ പരിശോധിച്ച് വീഴ്ച കണ്ടെത്തിയാൽ പ്രസ്തുത യൂണിയന്റെ രജിസ്ട്രേഷൻ കാൻസൽ ചെയ്യുവാനുള്ള അധികാരം രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസിന് ഉണ്ട്. ഈ വകുപ്പ് പ്രകാരമുള്ള പരിശോധനകൾ ഉദ്യോഗസ്ഥർ പല സ്ഥലത്തും ഇപ്പോൾ നടത്തി വരുന്നു.

നിയമത്തിലെ സെക്ഷൻ 28 പ്രകാരം എല്ലാവർഷവും ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള സാമ്പത്തിക വർഷം കണക്കാക്കി യൂണിയന്റെ ആന്വൽ റിട്ടേൺസ് നിർദ്ദിഷ്ട ഫോമിൽ (ഫോം L) രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസിന് (നിലവിൽ DLO) സമർപ്പിച്ചിരിക്കണം. ഓരോ വർഷവും മെയ് 31 ന് മുമ്പായി ഈ രേഖ സമർപ്പിച്ചിരിക്കണം എന്നാണ് വ്യവസ്ഥ. ഇതിൽ വീഴ്ചയുണ്ടായാൽ യൂണിയൻ രജിസ്ട്രേഷൻ നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടാകും. ആയതിനാൽ ഈ വ്യവസ്ഥ കൃത്യമായും കർശനമായും പാലിക്കുവാൻ ഐ.എൻ.റ്റി.യു.സി.യിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഓരോ യൂണിയനും തയ്യാറാകണം.

ഇതിൽ എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിലോ സഹായങ്ങൾ ആവശ്യമാണെങ്കിലോ അതിനാവശ്യമായ സഹായങ്ങൾ ലഭിക്കുവാൻ ഐ.എൻ.റ്റി.യു.സി. സംസ്ഥാന കമ്മിറ്റിയുമായി ബന്ധപ്പെടേണ്ടതാണ്.

## യൂണിയൻ രേഖകളുടെ ക്രമീകരണവും - പരിപാലനവും

1926 - ലെ ട്രേഡ് യൂണിയൻ നിയമപ്രകാരവും 1958 - ലെ കേരള ട്രേഡ് യൂണിയൻ ചട്ടങ്ങൾ പ്രകാരവും രജിസ്റ്റർ ചെയ്ത് ഐ.എൻ.റ്റി.യു.സി.യിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു യൂണിയന് താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കുകയും, അവ കൃത്യമായി പരിപാലിക്കപ്പെടുകയും ചെയ്യണം.

1. യൂണിയന്റെ കൃത്യമായ ബൈലാ
2. യൂണിയന്റെ ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
3. യൂണിയന്റെ ഒറിജിനൽ INTUCഅഫിലിയേഷൻ സർട്ടിഫിക്കറ്റ്
4. കൃത്യമായ അംഗത്വ രജിസ്റ്റർ
5. മിനിട്സ് ബുക്ക്
6. ബാങ്ക് അക്കൗണ്ട്
7. ബൈലാ പ്രകാരമുള്ള മാസവരി പിരിവ് രസീതിന്റെ കൗണ്ടർ ഫോയിൽ.
8. വരവ് - ചെലവ് കണക്ക് ബുക്ക്
9. ബൈലാ പ്രകാരം വാർഷിക ജനറൽ ബോഡി യോഗങ്ങളുടെ മിനിട്സ്
10. വർഷന്തോറും രജിസ്റ്റാർ ഓഫ് ട്രേഡ് യൂണിയൻസിന് സമർപ്പിക്കുന്ന ഫോം L -ലെ ആന്വൽ റിട്ടേൺ കോപ്പി.
11. വർഷന്തോറും ഐ.എൻ.റ്റി.യു.സി. കേന്ദ്ര - സംസ്ഥാന കമ്മിറ്റികൾക്ക് അട യ്ക്കുന്ന അഫിലിയേഷൻ ഫീസ് രസീത്.

ഇത്രയും രേഖകൾ ഓരോ യൂണിയനും കൃത്യമായി ഉണ്ടായിരിക്കണം. ഈ രേഖകക ളാണ് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർ ഇന്ന് പരിശോധനകൾക്ക് വിധേയമാക്കുന്നത്.

ആയതിനാൽ ഐ.എൻ.റ്റി.യു.സി.യിൽ അഫിലിയേഷനുള്ള മുഴുവൻ യൂണിയനുകളും മേൽ രേഖകൾ കൃത്യതയോടെ സൂക്ഷിക്കുകയും, പരിപാലിക്കുകയും ചെയ്തിരിക്കണം.

ഇവ കൃത്യമായി പരിശോധിക്കാനും ഓരോ യൂണിയനുകളെയും കർശനമായി ക്രമീകരി ക്കാനുമുള്ള നടപടികൾ ഉണ്ടാകണം.

## ട്രേഡ് യൂണിയൻ വെരിഫിക്കേഷൻ

രാജ്യത്തെ ദേശീയ ട്രേഡ് യൂണിയനുകളുടെ അംഗബലം നിർണ്ണയിക്കുന്നതിന് ഓരോ നാലു വർഷത്തെ ഇടവേളകളിലും കേന്ദ്ര തൊഴിൽ വകുപ്പ് നടത്തി വരുന്ന പരി ശോധന നടപടി ക്രമമാണ് ട്രേഡ് യൂണിയൻ വെരിഫിക്കേഷൻ.

ഈ പരിശോധനയിലൂടെ കണക്കാക്കപ്പെടുന്ന അംഗസംഖ്യയുടെ അടിസ്ഥാനത്തി ലാണ് ദേശീയ - അന്തർദേശീയ കമ്മറ്റികളിലെ പ്രാതിനിധ്യവും കോൺഫറൻസുക ളിലും മറ്റ് പൊതുവേദികളിലും പങ്കെടുക്കുന്നതിന് അർഹതയും നിശ്ചയിക്കപ്പെടുന്നത്.

1980 മുതലാണ് ഈ നടപടികൾ ആരംഭിച്ചത്. 1985 - ൽ പ്രഥമ വെരിഫിക്കേഷൻ പൂർത്തികരിച്ചപ്പോൾ ഐ.എൻ.റ്റി.യു.സി രാജ്യത്ത് ഒന്നാമതായിരുന്നു. എന്നാൽ 1989 - ൽ ആരംഭിച്ചതും 1996 - ൽ പൂർത്തീകരിച്ചതുമായ രണ്ടാം വെരിഫിക്കേഷനിൽ ഐ. എൻ.റ്റി.യു.സി. രണ്ടാം സ്ഥാനത്തായി. 2002 - ൽ ആരംഭിച്ച് 2008 - ൽ പൂർത്തീകരി ക്കപ്പെട്ട വെരിഫിക്കേഷനിൽ വീണ്ടും ഐ.എൻ.റ്റി.യു.സി. രണ്ടാം സ്ഥാനത്തു തന്നെ.

ഐ.എൻ.റ്റി.യു.സി.യിൽ യൂണിയനുകളും അംഗങ്ങളും ഇല്ലാത്തതല്ല വെരിഫി ക്കേഷനിൽ പിന്നോക്കം പോകുവാൻ കാരണം. മറിച്ച് യൂണിയനുകളുടെ കൃത്യമായ

രേഖകകൾ സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിൽ ഓരോ യൂണിയനും സംഭവിച്ച വീഴ്ചയാണ് ഈ പരാജയത്തിന് കാരണം.

എന്നാൽ 2011 ൽ ആരംഭിച്ച് ഇപ്പോൾ നടന്നു വരുന്ന വെരിഫിക്കേഷൻ നടപടികൾ 2018 ആയിട്ടും പൂർത്തീകരിക്കുവാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. കാരണം ഐ.എൻ.റ്റി.യു.സി എല്ലാ രേഖകളും സമർപ്പിച്ച് 3 കോടി 33 ലക്ഷം മെമ്പർഷിപ്പ് കേന്ദ്ര തൊഴിൽ വകുപ്പിനെ ബോധ്യപ്പെടുത്തിയപ്പോൾ ബി.എം.സ്സിന്റെ ഇരട്ടി അംഗത്വവുമായി ഐ.എൻ.റ്റി.യു.സി ഒന്നാമതായി മാറുന്നുവെന്ന് മനസ്സിലാക്കിയ കേന്ദ്ര സർക്കാർ വെരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ച് ഉത്തരവിറക്കുന്നില്ല. എങ്ങനെയും ഐ.എൻ.റ്റി.യു.സി മെമ്പർഷിപ്പിൽ കുറവ് വരുത്തുവാനുള്ള കർശന പരിശോധനകളും പുനഃപരിശോധനകളുമാണ് ഇപ്പോൾ സർക്കാർ നടത്തി വരുന്നത്.

1980 ലെ വെരിഫിക്കേഷനിൽ 37000 ഉം, 1989 – ലെ വെരിഫിക്കേഷനിൽ 63000 വും, 2002 ലെ വെരിഫിക്കേഷനിൽ കേവലം 73000 വുമായിരുന്നു കേരളത്തിൽ സർക്കാർ കണക്ക് പ്രകാരമുള്ള ഐ.എൻ.റ്റി.യു.സി.യുടെ അംഗസംഖ്യ. എന്നാൽ ഇന്ന് 2011 – ൽ സമർപ്പിച്ചിരിക്കുന്ന രേഖകൾ പ്രകാരമുള്ള അംഗസംഖ്യ 15.48 ലക്ഷമാണ്. ഇത് കേന്ദ്ര ഐ.എൻ.റ്റി.യു.സി നിരീക്ഷകൻ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ട്രേഡ് യൂണിയൻ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് നടത്തുന്ന ഏതുതരം പരിശോധനകളും കൃത്യമായി പൂർത്തീകരിക്കുവാൻ നമ്മുടെ ഓരോ സംഘടനയും എല്ലാവിധത്തിലും സജ്ജരായിരിക്കണം.

## യൂണിയൻ വാർഷിക സമ്മേളനങ്ങൾ

ഏതൊരു ട്രേഡ് യൂണിയന്റെയും വാർഷിക ജനറൽ ബോഡി അഥവാ വാർഷിക സമ്മേളനങ്ങൾ ഓരോ വർഷവും കൃത്യമായി നടത്തുക എന്നത് യൂണിയൻ ബൈലാ പ്രകാരവും ട്രേഡ് യൂണിയൻ നിയമപ്രകാരവും സംഘടനയുടെ ബാധ്യതയാണ്. ഇത്തരത്തിൽ നടത്തപ്പെടുന്ന യോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾ ഒപ്പിട്ട മിനിട്സ് ബുക്കും യോഗ നടപടികളും സംബന്ധിച്ച രേഖകൾ കൃത്യമായും ഉണ്ടായിരിക്കണം.

ഇത്തരം വാർഷിക യോഗങ്ങളിൽ യൂണിയനിൽ അംഗങ്ങളായിരിക്കുന്ന തൊഴിൽ മേഖലയുടെ പ്രശ്നങ്ങൾ, തൊഴിലാളികളുടെ സേവന – വേതന വ്യവസ്ഥകൾ, ക്ഷേമ പദ്ധതികൾ, സാമ്പത്തിക – വ്യവസായ – വാണിജ്യ സേവന മേഖലകളിൽ സമൂഹത്തിലുണ്ടാകുന്ന പൊതുമാറ്റങ്ങൾ, കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ തൊഴിൽനയ സമീപനങ്ങൾ, കേന്ദ്ര ട്രേഡ് യൂണിയനുകളും ആഗോള ട്രേഡ് യൂണിയൻ സംഘടനകളും ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനും ഉന്നയിക്കുന്ന വിഷയങ്ങൾ എന്നിവ യോഗങ്ങളിൽ ചർച്ച ചെയ്യുകയും തൊഴിലാളികളെ അറിയിക്കുകയും ഇതിനനുസരിച്ചുള്ള തീരുമാനങ്ങളും നടപടികളും ഉണ്ടാകുകയും ചെയ്യണം. ഇത്തരത്തിൽ ചിട്ടയായും സജീവമായും പ്രവർത്തിക്കുന്ന സംഘടനയായി ഓരോ INTUC യൂണിയനും മാറണം.

## ഫെഡറേഷനുകളുടെ പ്രവർത്തനങ്ങൾ

ഓരേ മേഖലയിൽ വിവിധ പേരുകളിലും രജിസ്ട്രേഷനിലും INTUC അഫിലിയേഷനിലും പ്രവർത്തിക്കുന്ന വിവിധ യൂണിയനുകളെ ഏകോപിപ്പിച്ച് ദേശീയതലത്തിലും സംസ്ഥാനതലത്തിലും രൂപീകരിക്കപ്പെട്ട യൂണിയനുകളുടെ ഏകോപിത സംവിധാനമാണ് ഫെഡറേഷനുകൾ.

കേരളത്തിൽ നിർമ്മാണം, മോട്ടോർ, ഹെഡ്‌ലോഡ്, തൊഴിലുറപ്പ്, പ്ലാന്റേഷൻ, കയർ, പബ്ലിക് സെക്ടർ, ടെക്സ്റ്റൈൽ, ബാങ്കിംഗ് എന്നീ മേഖലകളിലായി 9 ഫെഡറേഷനുകൾ INTUC സംസ്ഥാന കമ്മറ്റിക്കു കീഴിൽ പ്രവർത്തിക്കുന്നു.

മേൽപ്പറഞ്ഞ മേഖലകളിലെ വ്യവസായ പ്രശ്നങ്ങൾ, പൊതുവായ തൊഴിലാളി വിഷയങ്ങൾ എന്നിവ വിലയിരുത്തി ഓരോ മേഖലയിലെയും ട്രേഡ് യൂണിയനുകളെ ഏകോപിപ്പിച്ച് INTUC സംസ്ഥാന കമ്മിറ്റിയുടെ നയ-നിർദ്ദേശങ്ങൾക്കനുസരിച്ച് വ്യവസ്ഥാപിതമായും സമരപ്രക്ഷോഭത്തിലൂടെയും തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ് ഫെഡറേഷനുകളുടെ പ്രധാന ചുമതല.

ഒറ്റപ്പെട്ട സമരങ്ങളെക്കാൾ പരമാവധി തൊഴിലാളികളെ ഏകോപിപ്പിച്ചുള്ള പ്രക്ഷോഭ ശക്തിയുടെ തിരിച്ചറിവാണ് ഈ ഫെഡറേഷനുകളുടെ പ്രവർത്തനം. ഈ പ്രവർത്തനം ഊർജ്ജിതമാക്കാൻ ഓരോ മേഖലയിലെയും ട്രേഡ് യൂണിയനുകൾ ശക്തമായി പ്രവർത്തിക്കണം.

## വുമൺ വർക്കേഴ്സ് കൗൺസിൽ ശക്തിപ്പെടുത്തണം

ആധുനിക കാലഘട്ടത്തിൽ എല്ലാ തൊഴിൽ മേഖലയിലും സ്ത്രീ – പുരുഷ പ്രാതിനിധ്യം തുല്യതയിൽ എത്തിയിരിക്കുന്നു. ലിംഗഭേദ വ്യത്യാസമില്ലാതെ സേവന – വേതന വ്യവസ്ഥകൾ തുല്യമായിരിക്കണമെന്ന് ഭരണഘടനയും, വ്യത്യസ്ത നിയമങ്ങളും, കോടതി വിധികളും ഉറപ്പു നൽകുന്നു. അതോടൊപ്പം സ്ത്രീ സംരക്ഷണ നിയമങ്ങളും ഏറെയാണ്.

വളരെയേറെ നിയമങ്ങളും വ്യവസ്ഥകളും ഉണ്ടെങ്കിലും അവ കൃത്യമായി പാലിക്കപ്പെടുന്നില്ല. അതുകൊണ്ട് സ്ത്രീകളുടെതായ ഒരു സംഘടിത ശക്തി തൊഴിൽ മേഖലയിൽ ഉണർന്നു വരേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം മുൻനിർത്തി ഐ.എൻ.റ്റി.യു.സി ദേശീയതലത്തിൽ വുമൺ വർക്കേഴ്സ് കൗൺസിൽ എന്ന പ്രത്യേക വിഭാഗത്തിന് രൂപം നൽകി പ്രവർത്തിച്ചു വരുന്നു.

ഇതിന്റെ കേരളഘടകത്തിന്റെ പ്രവർത്തനം സജീവമാക്കേണ്ടതുണ്ട്. നിയമസംരക്ഷണ വ്യവസ്ഥകളെക്കുറിച്ച് സ്ത്രീ തൊഴിലാളികളിൽ അവബോധം സൃഷ്ടിച്ചും അതിനുള്ള കർമ്മപദ്ധതികൾ തയ്യാറാക്കിയും പ്രവർത്തനം ഊർജ്ജിതമാക്കണം. ഓരോ യൂണിയനിലെയും സ്ത്രീ തൊഴിലാളികൾ പ്രത്യേകമായി യോഗം ചേർന്ന് ഓരോ മേഖലയിലും സ്ഥാപനത്തിലും വുമൺ വർക്കേഴ്സ് കൗൺസിലിന്റെ യൂണിറ്റുകൾ ആരംഭിക്കുകയും, വുമൺ വർക്കേഴ്സ് കൗൺസിൽ ജില്ലാ – സംസ്ഥാന കമ്മിറ്റികളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ സജീവമാക്കുകയും ചെയ്യണം. ഇതിനാവശ്യമായ മുഴുവൻ

സഹായ സഹകരണങ്ങളും ഓരോ യൂണിയനും ഇവർക്ക് നൽകുകയും പ്രോത്സാഹിപ്പി ക്കുകയും ചെയ്യണം.

## യംഗ് വർക്കേഴ്സ് കൗൺസിൽ ഊർജ്ജിതമാക്കണം

ട്രേഡ് യൂണിയൻ പ്രവർത്തനം നിയമപരിജ്ഞാനത്തിന്റെയും, സംഘടനാ പ്രവർത്തന പരിശീലനത്തിന്റെയും, പ്രായോഗിക പരിചയത്തിന്റെയും മേഖലയാണ്. അതുകൊണ്ട് പരിചയ സമ്പത്തും ശിക്ഷണവും അനിവാര്യമാണ്. ഇത് മുന്നിൽ കണ്ട് INTUC നേതൃത്വത്തിലേയ്ക്ക് പുതുതലമുറയെ വാർത്തെടുക്കുന്നതിനായി ദേശീയതല ത്തിൽ രൂപീകരിച്ചിട്ടുള്ള 40 വയസ്സിനു താഴെയുള്ള യുവതൊഴിലാളികളുടെ പ്രത്യേക ഘടകമാണ് യംഗ് വർക്കേഴ്സ് കൗൺസിൽ.

ഇതിന്റെ സംസ്ഥാന ഘടകം കേരളത്തിൽ സജീവമായി പ്രവർത്തിക്കുന്നു. വ്യവ സായ – കാർഷിക – സേവന മേഖലകളിലും സാമ്പത്തിക രംഗത്തും ഉണ്ടാകുന്ന നയ വ്യതിയാനങ്ങളും, അത് സമൂഹത്തിലും തൊഴിലാളികളുടെ ജീവിതത്തിലും സൃഷ്ടി ക്കുന്ന പ്രത്യാഘാതങ്ങളും വിലയിരുത്തുവാനും ശരികളെ ഉൾകൊള്ളുവാനും തെറ്റിനെ തിരെ ശക്തിയായി പ്രതികരിക്കാനും കഴിയുന്ന ഒരു യുവതൊഴിലാളി സമൂഹം സൃഷ്ടി ക്കപ്പെടണം.

ഓരോ മേഖലയിലും സ്ഥാപനത്തിലുമുള്ള 40 വയസ്സിൽ താഴെയുള്ള യുവതൊഴി ലാളികൾ പ്രത്യേകമായി യൂണിറ്റുകൾ രൂപീകരിച്ചും യംഗ് വർക്കേഴ്സ് കൗൺസിൽ ജില്ലാ - സംസ്ഥാന കമ്മറ്റികളുമായി ബന്ധപ്പെട്ടും കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉണ്ടാകണം. ഇതിനായി ഓരോ യൂണിയനും പ്രത്യേകം ശ്രദ്ധചെലുത്തണം. ആവശ്യ മായ എല്ലാ പ്രോത്സാഹനവും നൽകണം. അതിലൂടെ മാത്രമേ കർമ്മശേഷിയുള്ള ഒരു പുതുതലമുറയെ INTUC യ്ക്ക് ഈ രംഗത്ത് വാർത്തെടുക്കുവാൻ കഴിയൂ.

## കർമ്മസേന – കേഡർ ശക്തി

ഒരു വാർഡിൽ നിന്നും 5 INTUC തൊഴിലാളികളെ ഉൾപ്പെടുത്തി മണ്ഡലം, റീജിയ ണൽ, ജില്ലാ - സംസ്ഥാനതലത്തിൽ ഒരു കർമ്മസേന രൂപീകരിക്കുവാൻ ഐ.എൻ.റ്റി. യു.സി. സംസ്ഥാന കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ സജീവമായി നടന്നു വരുന്നു. ചില ജില്ലകൾ ഈ കർമ്മസേനരൂപീകരണം പൂർത്തീകരിച്ചു കഴിഞ്ഞു.

വിവിധ മേഖലകളിലെ തൊഴിലാളി പ്രശ്നങ്ങളിൽ ദേശീയ – അന്തർദേശീയ തല ങ്ങളിലും സംസ്ഥാനത്തും ഐ.എൻ.റ്റി.യു.സി. നടത്തുന്ന ഇടപെടലുകളും ദേശീയതല ത്തിൽ സംയുക്തമായി നടത്തുന്ന ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ പ്രസക്തിയും തൊഴിലാളികളെ ബോധ്യപ്പെടുത്തുക - തൊഴിലാളികൾ സംഘടിക്കേണ്ടതിന്റെയും അതിൽ ഐ.എൻ.റ്റി.യു.സി.യുടെ പ്രസക്തിയെയും കുറിച്ച് അവബോധം ഉണർത്തുക -രാഷ്ട്രീയ പ്രവർത്തനത്തിൽ പ്രത്യേകിച്ച് പാർലമെന്റ്, അസംബ്ലി, തദ്ദേശ തിരഞ്ഞെടു പ്പുകളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെയും, യു.ഡി.എഫിനെയും വിജയിപ്പി ക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ യാതൊരു പ്രതിഫലേച്ഛയും കൂടാതെ നിർവഹി ക്കാൻ കഴിയുന്ന തരത്തിൽ കേഡർ സ്വാഭാവത്തോടെ പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘം അതാണ് ഐ.എൻ.റ്റി.യു.സി.ക്കു കീഴിലുള്ള ഈ കർമ്മസേന.

ഈ കർമ്മസേന അംഗങ്ങൾക്ക് ഫോട്ടോ ഐഡി കാർഡുകൾ നൽകിമണ്ഡലം, റീജിയണൽ ജില്ലാ തലത്തിലും മേഖലാടിസ്ഥാനത്തിലും ക്യാമ്പുകളും, പഠനക്ലാസ്സു കളും സംഘടിപ്പിച്ച് അതുവഴി അറിയാനും അറിയിക്കാനുമുള്ള ആർജ്ജവത്തിലേയ്ക്ക് തൊഴിലാളികളെ ഉണർത്തിയെടുക്കണം.

## പരസ്പര ആധുനിക ആശയവിനിമം അനിവാര്യം

ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ ആശയവിനിമത്തിന്റെ പ്രസക്തി വളരെ വലുതാണ്. കാര്യങ്ങൾ യഥാസമയം അറിയുക മറ്റുള്ളവരെ എത്രയും വേഗം അറിയിക്കുക. ഇതാണ് ആശയവിനിമയത്തിന്റെ അടിസ്ഥാനതത്വം.

ആധുനിക സമൂഹത്തിൽ വളരെ ലളിതവൽക്കരിക്കപ്പെട്ടിരിക്കുന്ന ആശയ വിനിമയ സംവിധാനങ്ങൾ ഏറെയാണ്. മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഇ-മെയിൽ, വാട്സ് ആപ്, ഫെയ്സ്ബുക്ക്, വെബ്സൈറ്റ് എന്നിവ വളരെ പരിചിതമായ ആശയവിനിമയ സാങ്കേതിക വിദ്യകളാണ്.

എന്നാൽ ഈ സംവിധാനങ്ങൾ സംഘടനാ പ്രവർത്തനത്തിൽ ഫലപ്രദമായി ഉപ യോഗിക്കുന്നതിൽ മറ്റെല്ലാ സംഘടനകളും സജീവമായി രംഗത്തുള്ളപ്പോൾ നമ്മളിൽ ബഹുഭൂരിപക്ഷം പേരും ഫലപ്രദമായി ഇതു ഉപയോഗിക്കുന്നില്ല. എന്നുമാത്രമല്ല ഇതിന്റെ ഗൗരവ്വം ശരിയായി ഉൾകൊള്ളാൻ പോലും നമ്മൾക്ക് കഴിഞ്ഞിട്ടില്ല. ഇന്നും എഴുത്തിനെയും പോസ്റ്റാഫിസിനെയും ഫ്ളെക്സിനെയും മാത്രം ആശ്രയിച്ച് നമ്മൾ പ്രവർത്തനം നടത്തുന്നു. ഈ രീതി ആധുനിക സമൂഹത്തിൽ ഗുണകരമാവില്ല എന്നുമാത്രമല്ല നമ്മൾ പുറകിലേക്ക് തള്ളപ്പെടുകയും ചെയ്യും.

അതുകൊണ്ട് നമ്മുടെ എല്ലാ യൂണിയനുകൾക്കും:-

- നിർബന്ധമായും ഒരു E-mail ID ഉണ്ടായിരിക്കണം.
- ഈ മെയിൽ ID INTUC സംസ്ഥാന കമ്മിറ്റിയെ അറിയിച്ചിരിക്കണം.
- യൂണിയൻ ഭാരവാഹികളുടെ മൊബൈൽ നമ്പരും, E-mail ID ഉം ശേഖരിച്ച് സൂക്ഷിക്കണം. ഈ വിവരങ്ങളും ഐ.എൻ.റ്റി.യു.സി സംസ്ഥാന കമ്മറ്റിയെ അറിയിക്കണം.
- മുഴുവൻ യൂണിയൻ അംഗങ്ങളുടെയും മൊബൈൽ നമ്പരും, E-mail ID ഉം ശേഖരിച്ച് സൂക്ഷിക്കണം. ഈ വിവരങ്ങളും ഐ.എൻ.റ്റി.യു.സി സംസ്ഥാന കമ്മറ്റിയെ അറിയിക്കണം.
- ദിവസം ഒരു പ്രാവശ്യമെങ്കിലും യൂണിയന്റെ ഇ-മെയിൽ തുറന്നു നോക്കണം.
- പുതിയ ഐ.എൻ.റ്റി.യു.സി വാർത്തകൾക്കായി ദിവസം ഒരു പ്രാവശ്യമെങ്കിലും ഐ.എൻ.റ്റി.യു.സി. സംസ്ഥാന കമ്മിറ്റിയുടെ വെബ്സൈറ്റ് സന്ദർശിക്കണം.
- കേരള ഐ.എൻ.റ്റി.യു.സി Website: www.intuckerala.org

- ഐ.എൻ.റ്റി.യു.സി സംസ്ഥാന കമ്മിറ്റിയുടെ വാട്ട്സ് ആപ് Message കിട്ടിയാൽ നിർബന്ധമായും ഇ-മെയിലും വെബ്സൈറ്റും തുറന്നു നോക്കണം.
- അറിയുന്ന കാര്യങ്ങൾ സഹപ്രവർത്തകരും യൂണിയൻ അംഗങ്ങളുമായി പങ്കുവയ്ക്കണം.
  അവരോടും വെബ്സൈറ്റ് തുറന്ന് നോക്കാൻ നിർദ്ദേശിക്കണം.

തൊഴിലാളികൾക്ക് വേണ്ടി കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് മുന്നിൽ INTUC ഉന്നയിക്കുന്ന ആവശ്യങ്ങൾ, നടത്തുന്ന ചർച്ചകളിലെ തീരുമാനങ്ങൾ, ഇതിനായി നടത്തുന്ന പ്രവർത്തനങ്ങൾ, സമരങ്ങൾ, പ്രക്ഷോഭങ്ങൾ, ദേശീയതല തീരുമാനങ്ങൾ, അന്തർദേശീയ പ്രഖ്യാപനങ്ങൾ, സർക്കാർ നടത്തുന്ന നിയമഭേദഗതികൾ എന്നിവയും ട്രേഡ് യൂണിയൻ ചരിത്രം, ഐ.എൻ.റ്റി.യു.സി. ചരിത്രം, വിവിധ തൊഴിൽ നിയമങ്ങൾ, സാമൂഹ്യ സുരക്ഷ പദ്ധതികൾ, ക്ഷേമബോർഡുകൾ തുടങ്ങി ഒരു തൊഴിലാളിയും ട്രേഡ് യൂണിയൻ പ്രവർത്തകനും നിമിഷനേരം കൊണ്ട് താൻ അറിയേണ്ട ഏതാണ്ടെല്ലാ വിവരങ്ങളും ലഭിക്കുവാൻ ഈ സംവിധാനങ്ങൾ ഫലപ്രദമായി നമ്മൾ ഉപയോഗിക്കണം.

ഇതിനായി ഓരോ സംഘടനയിലെയും ചെറുപ്പക്കാരായ നേതാക്കളെയും അംഗങ്ങളെയും ചുമലപ്പെടുത്തണം. ഇങ്ങനെ പ്രവർത്തിച്ചു തുടങ്ങിയാൽ വളരെ വേഗം തൊഴിലാളികളുടെ പിൻതുണയാർജ്ജിക്കുവാൻ ഐ.എൻ.റ്റി.യു.സി. ക്കു കഴിയും.

## ഐ.എൻ.റ്റി.യു.സി. ഐ.ടി. സെൽ - ഒരു കൂട്ടായ്മ

ആശയവിനിമയത്തിന്റെയും പരസ്പര അഭിപ്രായ സംവാദങ്ങളുടെയും മേഖലയാണ് നവമാധ്യമങ്ങൾ. പ്രത്യേകിച്ച് ഫെയ്സ്ബുക്ക്. സാമ്പത്തിക അധീശത്വം പിടിമുറുക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ നിലവിലെ ട്രേഡ് യൂണിയൻ സംഘടനകളെ തകർക്കുന്നതിനായി ചില NGO സംഘടനകളെ മുന്നിൽ നിർത്തി ട്രേഡ് യൂണിയൻ വിരുദ്ധ പ്രചരണം നടത്തി തൊഴിലാളികളെ അസംഘടിതരാക്കുന്ന പ്രവണത കൂടി വരുന്നു.

എന്നുമാത്രമല്ല, ഐ.എൻ.റ്റി.യു.സി.യ്ക്ക് എതിരായി കടുത്ത കടന്നാക്രമണം ചില ഭാഗങ്ങളിൽ നിന്ന് ഉണ്ടായികൊണ്ടിരിക്കുന്നു. ഇതിനെ അതേ രീതിയിൽ ചെറുക്കുവാൻ നവമാധ്യമങ്ങളിലൂടെയുള്ള കൂട്ടായ്മ ഐ.എൻ.റ്റി.യു.സി.യ്ക്ക് അനിവാര്യമാണ്. അതിനായി രൂപീകരിക്കുന്ന ഐ.എൻ.റ്റി.യു.സി. ഐ.ടിസെൽ പഠിച്ചും, വിശകലനം ചെയ്തും തൊഴിലാളികളുടെയും ഐ.എൻ.റ്റി.യു.സി.യുടെയും താൽപര്യങ്ങൾ മുറുകെ പിടിച്ചും ഒരു ശക്തമായ പ്രചരണ പ്രതിരോധ നിരയെ ഐ.എൻ.റ്റി.യു.സി. വാർത്തെടുക്കുന്നു.

നിലവിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ തകർന്നാൽ അവിടെ അരാജകത്വവും വർഗീയ - മത ഭീകരതയും, ഗുണ്ടായിസവും തേർവാഴ്ചകളുമാണ് ഉണ്ടാകുക എന്ന തിരിച്ചറിവ് തൊഴിലാളികൾക്ക് പൊതുവിലും ഐ.എൻ.റ്റി.യു.സി. പ്രവർത്തകർക്ക് പ്രത്യേകമായും ഉണ്ടാകണം.

## തൊഴിൽമേഖലയിലെ മാറ്റങ്ങളും – വിലയിരുത്തലും

ഐക്യരാഷ്ട്ര സഭയുടെ 2018 – ലെ കണക്കു പ്രകാരം ലോകജനസംഖ്യ 760 കോടിയാണ്. ഒരു വയസ്സു മുതൽ ഏറ്റവും പ്രായമുള്ളവർ വരെയുള്ള കണക്കാണിത്. ഇതിൽ 342 കോടി പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികളാണ്.

ഇന്ത്യയിലാണെങ്കിൽ 135 കോടി ജനങ്ങളിൽ 60 കോടി സംഘടിത – അസംഘടിത മേഖലയിലെ തൊഴിലാളികളാണ്. കേരളത്തിൽ 3.5 കോടി ജനങ്ങളും അതിൽ 1.5 കോടി തൊഴിലാളികളുമായി പ്രവർത്തിക്കുന്നു.

ഈ തൊഴിലാളികളുടെ കായികവും ബൗദ്ധികപരവുമായ പ്രവർത്തനങ്ങളാണ് രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനം അഥവാ GDP (Gross Domestic Products).

ഈ തൊഴിലാളികൾ ഒന്നായി സംഘടിക്കുന്നതും അവകാശങ്ങൾ ചോദിക്കുന്നതും ഭരണക്കൂടങ്ങളും, സമ്പന്ന മുതലാളിമാരും ഒരുവിധത്തിലും ഇഷ്ടപ്പെടുന്നില്ല. തൊഴിലാളികൾ യോജിച്ചാൽ തങ്ങളുടെ ഭരണാധികാരം നഷ്ടപ്പെടുമെന്ന ചിന്ത രാഷ്ട്രീയക്കാരിലും തങ്ങളുടെ ലാഭത്തിൽ കുറവുണ്ടാകുമെന്ന് സമ്പന്നമാരും വിലയിരുത്തുന്നു.

തൊഴിൽ മേഖല എക്കാലത്തും ചൂഷണാത്മകമാണ്. അടിമത്വകാലത്ത് ഭരണാധികാരികൾ ഭരണം നിലനിർത്താൻ അടിമതൊഴിലാളികളെ ചാവേറുകളായി ഉപയോഗിച്ചെങ്കിൽ അടിമവ്യാപാരത്തിലൂടെ സമ്പന്നന്മാരും അവരുടെ ഇടനിലക്കാരും സമ്പത്ത് വാരിക്കൂട്ടി.

1773 – ലെ ബോസ്റ്റൺ ടീ പാർട്ടി സമരത്തിലൂടെ ആരംഭിച്ച അമേരിക്കൻ സ്വാതന്ത്ര്യസമരവും, 1789 – ലെ ഫ്രഞ്ചു വിപ്ലവവും, 1808 – ലെ ലാറ്റിൻ അമേരിക്കൻ സമരങ്ങളും, 1821 – ലെ ഗ്രീക്ക് സ്വാതന്ത്ര്യ പോരാട്ടവും, 1917 – ലെ റഷ്യൻ വിപ്ലവവും, 1946 – ലെ ചൈനീസ് വിപ്ലവവും, 1917 മുതൽ ആരംഭിച്ച ഇന്ത്യൻ സ്വാതന്ത്ര്യ സമരവും തൊഴിലാളികളുടെ യോജിച്ച സമരപ്രക്ഷോഭ വിജയചരിത്രങ്ങളാണ്.

ഈ വിപ്ലവങ്ങൾ ജനാധിപത്യ ഭരണപാതയിലേയ്ക്ക് ലോകത്തെയും രാജ്യത്തെയും നയിച്ചു. എന്നാൽ ഇന്ന് ഈ ജനാധിപത്യത്തെ സമ്പന്ന വർഗ്ഗം കൈയ്യടക്കിയിരിക്കുന്നു. അതിന്റെ ഫലമായി തൊഴിലാളി ചൂഷണം ഇന്ന് വ്യാപകമാണ്.

18–ാം നൂറ്റാണ്ടിലെ അടിമത്വത്തിലേയ്ക്കുള്ള തിരിച്ചു പോക്കിലാണ് തൊഴിൽ മേഖല. കഴിഞ്ഞ കാലങ്ങളിൽ നേടിയെടുത്ത അവകാശങ്ങൾ ഓരോന്നായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. തൊഴിൽ സംരക്ഷണ നിയമങ്ങൾ ഇല്ലാതാക്കപ്പെടുന്നു. ഹയർ ആന്റ് ഫയർ എന്ന തത്വം നടപ്പിലാക്കി പിരിച്ചു വിടൽ വ്യാപകമാകുന്നു. യൂണിയൻ രൂപീകരിക്കാനുള്ള ഭരണഘടനാ മൗലീകാവശത്തിനു പോലും വിലക്കുകൾ ഉണ്ടാകുന്നു. മിനിമം വേതനം പോലും നൽകില്ലായെന്ന് പരസ്യമായി പറയുന്ന ധിക്കാര സാഹചര്യം വരെ ഉണ്ടായിരിക്കുന്നു.

ഇതെല്ലാം വിലയിരുത്തുകയും കൂട്ടിവായിക്കുകയും ചെയ്താൽ സമ്പന്നന്മാരുടെയും ലോക കോർപ്പറേറ്റുകളുടെയും സാമ്പത്തിക അധീശത്വമാണ് കാണാൻ കഴിയുന്നത്. ഇതിലൂടെ ആഗോള- ദേശീയ – സാമ്പത്തിക ഭീമൻമാർ കൈയ്യടക്കുന്ന സമ്പത്ത് ഊഹിക്കാൻ കഴിയുന്നതിനുമപ്പുറമാണ്.

2014 – ൽ പാർലമെന്റിൽ അവതരിപ്പിച്ച കണക്കു പ്രകാരം രാജ്യത്തിന്റെ 27 ശതമാനം പണം ഒരു ശതമാനം വരുന്ന ധനികരുടെ കൈകളിൽ ആയിരുന്നുവെങ്കിൽ, 2018 ൽ ഈ കണക്ക് പുറത്തു വന്നപ്പോൾ 27 ശതമാനമെന്നത് 73 ശതമായി വർദ്ധിച്ചു. അതായത് ഒരു ശതമാനം വരുന്ന സമ്പന്നമാരുടെ കൈകളിൽ രാജ്യത്തിന്റെ 73 ശതമാനം സമ്പത്തും എത്തിയിരിക്കുന്നു.

EASE OF DOING BUSINESS എന്ന പേരിൽ IMF ഉം World Bank ഉം പുറപ്പെടുവിച്ചിട്ടുള്ള പത്തു കൽപനകൾക്കനുസരിച്ച് ഭരണക്കൂടം നടത്തുന്ന തൊഴിലാളി വിരുദ്ധ രാജ്യ വിരുദ്ധ നടപടികളുടെ പരിണിതഫലമാണിത്. ഈ വസ്തുതകൾ തിരിച്ചറിഞ്ഞുള്ള ശക്തമായ ട്രേഡ് യൂണിയൻ പ്രവർത്തനം അനിവാര്യമായിരിക്കുന്നു. ഈ ചൂഷണാർത്മക സാമ്പത്തിക കൊള്ളയടി അവസാനിപ്പിക്കുവാൻ അത് മാത്രമാണ് ഏക പരിഹാരം.

## കേന്ദ്ര സർക്കാരിന്റെ തൊഴിൽ നിയമഭേദഗതികൾ

2014 ൽ ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്ന നാൾ മുതൽ കേട്ടുവരുന്ന ഒന്നാണ് തൊഴിൽ നിയമഭേദഗതികൾ. ഇതിന്റെ ഭാഗമായി രാജ്യത്തെ 29 തൊഴിൽ നിയമങ്ങൾ പൂർണ്ണമായും ഇല്ലാതാക്കി 4 പുതിയ ലേബർ കോഡുകൾ രൂപീകരിക്കുമെന്ന് 2015 ഒക്ടോബർ 15 ന് അന്നത്തെ കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി ബെന്ദാരു ദത്താത്രേയ പ്രഖ്യാപിച്ചു.

- ലേബർ കോഡ് ഓൺ വേജസ്
- ലേബർ കോഡ് ഓൺ ഇന്റസ്ട്രീയൽ റിലേഷൻസ്
- ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി
- ലേബർ കോഡ് ഓൺ വർക്കിംഗ് കണ്ടീഷൻസ്

ഈ നാല് ലേബർ കോഡുകൾ നടപ്പായാൽ നിലവിലെ മറ്റെല്ലാ നിയമങ്ങളും ഇല്ലാതാകും. ഈ കോഡുകൾ പാർലമെന്റിൽ അവതരിപ്പിച്ചു കഴിഞ്ഞു. ചിലത് ലോക്സഭ പാസ്സാക്കി. രാജ്യസഭയിൽ പാസ്സാക്കാനായി നിലനിൽക്കുന്നു.

ഇതിനെതിരെ തൊഴിലാളി പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും ഏറെ ഉണ്ടായെങ്കിലും അതൊന്നും പരിഗണിക്കുവാൻ സർക്കാർ തയ്യാറായിട്ടില്ല. സർക്കാർ അനുകൂല ട്രേഡ് യൂണിയനായ ബി.എം.എസ്. പോലും ശക്തമായി ഈ ലേബർ കോഡുകളെ എതിർത്തിട്ടും IMF നും World Bank നും ദേശീയ-അന്തർദേശീയ കോർപ്പറേറ്റുകൾക്കും വേണ്ടിഈ നിയമഭേദഗതി നിർമ്മാണവുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുന്നു.

ഈ തൊഴിലാളി വിരുദ്ധ നിയമഭേദഗതികൾ ഉപേക്ഷിക്കണമെന്ന് ഐ.എൻ.റ്റി.യു.സി. നേതൃത്വം നൽകുന്ന ഇന്ത്യയിലെ സംയുക്ത ട്രേഡ് യൂണിയൻ സമിതി ആവശ്യപ്പെടുന്നു. ഇതിനെതിരെ പണിമുടക്കിന്റെയും പ്രക്ഷോഭത്തിന്റെ പാതയിലാണ് തൊഴിലാളികൾ. ബി.എം.എസ് സമരത്തിന് ഇറങ്ങുന്നില്ലെങ്കിലും പരസ്യമായി ഈ സർക്കാർ നീക്കങ്ങളെ അവരും എതിർക്കുന്നു.

ഈ നിയമഭേദഗതികൾ നടത്തരുതെന്ന് ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷനും (ILO), ഇന്റർ നാഷണൽ ട്രേഡ് യൂണിയൻ കോൺഫെഡറേഷനും (ITUC) ശക്തമായി പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു. അതിനെയും സർക്കാർ അവഗണിക്കുന്നു.

EASE OF DOING BUSINESS എന്ന IMF ന്റെയും World Bank ന്റെയും നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികളാണ് ഈ ലേബർ കോഡുകളുടെ രൂപീകരണത്തിന് പിന്നിലുള്ള യഥാർത്ഥ വസ്തുത. ദേശീയ – അന്തർദേശീയ കോർപ്പറേറ്റ് താൽപര്യങ്ങൾക്കു വേണ്ടി മാത്രമായി നടത്തപ്പെടുന്ന ഇത്തരം നീക്കങ്ങളെ തൊഴിലാളികൾ ഒറ്റക്കെട്ടായി ചെറുക്കേണ്ടിയിരിക്കുന്നു. അതിനായി ഓരോ INTUC യൂണിയനും ശക്തമായി രംഗത്ത് ഇറങ്ങണം.

## മിനിമം വേതന നിർണ്ണയത്തിൽ ട്രേഡ് യൂണിയനുകളുടെ പ്രസക്തി

സ്വതന്ത്ര ഇന്ത്യയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആദ്യമായി നടപ്പിലാക്കിയ തൊഴിലാളി സംരക്ഷണ നിയമമാണ് 1948 – ലെ മിനിമം വേതന നിയമം.

മിനിമം വേതനം നിശ്ചയിച്ച് പ്രഖ്യാപിക്കുന്നതിന് വ്യവസായ – വാണിജ്യ മേഖലകളുടെ പ്രത്യേക പട്ടിക പ്രസിദ്ധീകരിക്കണം.

ഓരോ അഞ്ചുവർഷത്തിലൊരിക്കൽ പട്ടികയിൽപ്പെടുന്ന ഓരോ മേഖലയുടെയും മിനിമം വേതനം പുതുക്കി നിശ്ചയിച്ചിരിക്കണം.

സർക്കാരും വ്യവസായ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഉൾപ്പെടുന്ന ഔദ്യോഗിക സമിതി തെളിവെടുപ്പ് നടത്തി മിനിമം വേതന ശുപാർശ സർക്കാരിന് സമർപ്പിക്കണം. ഇതിനനുസരിച്ച് ഗസറ്റ് വിജ്ഞാപനത്തിലൂടെ സംസ്ഥാന സർക്കാരുകൾ മിനിമം വേതനം നടപ്പിലാക്കണം. ഇവയാണ് നിയമത്തിലെ പ്രധാന വ്യവസ്ഥകൾ.

1948 – ൽ നിശ്ചയിക്കപ്പെട്ട മിനിമം വേതനം സർക്കാർ ജീവനക്കാരുടെ ശമ്പളത്തിനെക്കാൾ കൂടുതലായിരുന്നു.

കേരളത്തിലെ 80 വ്യവസായ – വാണിജ്യ മേഖലകളാണ് മിനിമം വേതന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്.ഈ പട്ടികയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ 1948 – ലെ നിയമപ്രകാരം അഞ്ചുവർഷത്തെ പുതുക്കൽ വ്യവസ്ഥ അനുസരിച്ച് 2018 ആയപ്പോൾ 14 പ്രാവശ്യം മിനിമം വേതനം പുതുക്കി നിശ്ചയിക്കപ്പെടേണ്ടതാണ്. എന്നാൽ പരമാവധി അഞ്ചുപ്രാവശ്യമാണ് ഇതേവരെ വേതനം പുതുക്കിയിട്ടുള്ളത്. അതായത് 9 പ്രാവശ്യത്തെ വേതന വർദ്ധനവ് എന്നന്നേയ്ക്കുമായി തൊഴിലാളികൾക്ക് നഷ്ടപ്പെട്ടു. ശക്തവും വ്യവസ്ഥാപിതവുമായ ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ അഭാവമാണ് ഈ ദുരവസ്ഥയ്ക്ക് കാരണം.

വ്യവസായ-വാണിജ്യ മേഖലകളിലെ തൊഴിലാളികൾക്ക് ജീവിക്കാനാവശ്യമായ വേതനവും (Living Wages) ആനുകൂല്യങ്ങളും ലഭ്യമാകുവാൻ തക്ക നിയമനിർമ്മാണങ്ങൾ നടത്തണമെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 43 ൽ പ്രതിപാദിച്ചിരിക്കുന്ന രാജ്യത്താണ് മിനിമം വേതനം പോലും ഇത്തരത്തിൽ നിഷേധിക്കപ്പെടുന്നത്.

ഉപദേശക സമിതി നടത്തുന്ന മിനിമം വേതന തെളിവെടുപ്പിൽ ട്രേഡ് യൂണിയനുകളുടെ പങ്കാളിത്വം വളരെ പരിമിതമാണ്. പലരും യഥാസമയം പങ്കെടുക്കുന്നില്ല. ആവശ്യങ്ങൾ ഉന്നയിക്കുന്നില്ല. ഈ സാഹചര്യത്തിൽ മിനിമം വേതന നിർണ്ണയ വിഷയത്തിൽ കാര്യമായ പഠനവും സമയോചിതമായ ഇടപെടലുകളും നടത്തുവാൻ ബന്ധപ്പെട്ട ഓരോ യൂണിയനും തയ്യാറാകണം.

## അസംഘടിത മേഖലയിലെ തൊഴിലാളി പ്രവർത്തനം

സംസ്ഥാനത്തെ 150 ലക്ഷം തൊഴിലാളികളിൽ 93 ശതമാനവും അതായത് 140 ലക്ഷവും അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നു. ഇവരുടെ സേവന – വേതന വ്യവസ്ഥകൾക്ക് യാതൊരു പരിരക്ഷയും സംരക്ഷണവും ഇല്ല. നാമമാത്രമായ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങളാണ് ഇന്നും ഈ വിഭാഗം തൊഴിലാളികൾക്ക് ലഭിക്കുന്നത്.

അസംഘടിത മേഖലയെ സംഘടിത മേഖലയാക്കി മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് 2005 – ൽ ILO തീരുമാനമെടുത്ത് ഇന്ത്യ ഉൾപ്പടെയുള്ള അംഗരാജ്യങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2030 ൽ ലോകത്തിലെ എല്ലാ തൊഴിലാളികൾക്കും മാന്യമായ ജോലിയും അതിലൂടെ **സ്ഥായിയായ വികസനവും** ഉറപ്പു വരുത്തണമെന്ന് ഐക്യരാഷ്ട്രസഭ ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു.

എല്ലാ വിഭാഗം തൊഴിലാളികൾക്കും ജീവിക്കാനാവശ്യമായ വേതനവും ആനുകൂല്യങ്ങളും ലഭ്യമാക്കുവാൻ തക്ക നിലയിൽ രാജ്യം നിയമനിർമ്മാണം നടത്തണമെന്ന് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 43 – ൽ പ്രതിപാദിച്ചിരിക്കുന്നു.

2008 – ലെ അൺ ഓർഗനൈസിഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി നിയമം ഇന്ത്യയിൽ ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആശ്വാസകരമാണ്.

ഏതൊരു മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് സർക്കാർ ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ പ്രതിദിന വേതനം ലഭിക്കണമെന്ന ഐ.എൻ.റ്റി.യു.സി. യുടെ പ്രഖ്യാപിത ആവശ്യം നടപ്പാക്കിയെടുക്കുവാനുള്ള കർമ്മപദ്ധതികൾ ഓരോ മേഖലയിലും നടപ്പാക്കണം.

കേരള സർക്കാരിന്റെ തൊഴിൽനയത്തിൽ എല്ലാ വിഭാഗം തൊഴിലാളികൾക്കും ഈ വേതനം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഈ വിഭാഗം തൊഴിലാളികളുടെ ജീവിത ആനുകൂല്യ സംരക്ഷണം ഉറപ്പു വരുത്തുവാൻ ILO നിർദ്ദേശങ്ങളും, ഐക്യരാഷ്ട്രസഭ തീരുമാനങ്ങളും 2008 – ലെ സാമൂഹ്യ സുരക്ഷാ നിയമവും, ഇന്ത്യൻ ഭരണഘടനാ വ്യവസ്ഥകളും, കേരളാ സർക്കാരിന്റെ തൊഴിൽനയ പ്രഖ്യാപനവും ആവേശം പകരുന്നു. ഇതിനനുസരിച്ചുള്ള സംഘടനാ പ്രവർത്തനം ഈ രംഗത്ത് ഉണ്ടാകേണ്ടതുണ്ട്.

## കുടിയേറ്റ തൊഴിൽ മേഖലയിലെ സംഘടനാ പ്രവർത്തനം

ജന്മസ്ഥലം വിട്ട് തൊഴിൽ തേടിയുള്ള മനുഷ്യന്റെ പ്രയാണത്തിന് യുഗങ്ങളുടെ ചരിത്രമുണ്ട്. അതുകൊണ്ട് ഇതൊരു പൊതുജീവിത സ്വാഭാവമാണെന്ന് പറയാം.

കേരളത്തിലെ തൊഴിലാളികൾ ഇതര സംസ്ഥാനങ്ങളിലേയ്ക്കും ഗൾഫ് രാജ്യങ്ങളിലേയ്ക്കും മറ്റ് വികസിത രാജ്യങ്ങളിലേയ്ക്കും കുടിയേറുമ്പോൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ തൊഴിൽ തേടി എത്തിയിട്ടുള്ളവരുടെ അംഗ സംഖ്യ 35 ലക്ഷത്തിലധികം ആണ്.

കേരളത്തിലെ വ്യവസായ - വാണിജ്യ മേഖലകളിലെ പ്രവർത്തനങ്ങളിൽ ഈ ഇതര സംസ്ഥാന തൊഴിലാളികളുടെ പങ്ക് നിർണ്ണായകമായിരിക്കുന്നു.

1979 -ലെ ഇതര സംസ്ഥാന തൊഴിലാളി നിയമം രാജ്യത്ത് നിലനിൽക്കുന്നുണ്ടെങ്കിലും ഈ നിയമ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. ചൂഷണാത്മകരീതിയിലാണ് ഈ തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ. ഈ വിഭാഗം തൊഴിലാളികളിൽ ഭൂരിപക്ഷവും ഇന്ന് കുടുംബത്തോടൊപ്പം ഇവിടെ ജീവിക്കുന്നു. ഇവർ റേഷൻകാർഡും, ആധാർ കാർഡും കരസ്ഥമാക്കി വോട്ടർപ്പട്ടികയിൽ പേര് ചേർത്ത് എല്ലാ രീതിയിലും കേരളത്തിലെ ഒരു കുടുംബമായി ഇന്ന് മാറിയിരിക്കുന്നു.

ഈ തൊഴിലാളികൾ കേരളത്തിലെ സാമൂഹ്യ - സാംസ്കാരിക തൊഴിൽ രാഷ്ട്രീയ രംഗങ്ങളിൽ സൃഷ്ടിക്കുന്ന മാറ്റങ്ങൾ ഏറെയായിരിക്കും.

നിയമപരമായ എല്ലാ സംരക്ഷണവും ഇവർക്ക് ഉറപ്പു വരുത്തികൊണ്ടും കേരളത്തിലെ രാഷ്ട്രീയ - സാമൂഹ്യ ജീവിതത്തിൽ ഇവരെ കൂടി പങ്കാളികളാക്കി കൊണ്ടും അതിനുള്ള സംരക്ഷണങ്ങൾ നൽകിയും ഈ മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിക്കാൻ ഐ.എൻ.റ്റി.യു.സി. തയ്യാറാകണം.

## അന്തർദേശീയ തൊഴിൽ സമീപനങ്ങൾ

ലോകസാമ്പത്തിക ശാസ്ത്രത്തിലെ ക്യാപിറ്റലിസത്തിനും സോഷ്യലിസത്തിനും ഫാബിയൻ സോഷ്യലിസത്തിനും ഉപരിയായി മാർക്കറ്റ് എക്കണോമി എന്ന സാമ്പത്തിക ശാസ്ത്രം ലോകത്ത് സൃഷ്ടിച്ച ആഗോളവൽക്കരണം വികസിത - വികസ്വര- അവികസിത രാജ്യങ്ങളെ ഒന്നാകെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു.

കയറ്റുമതിയിലും ഇറക്കുമതിയിലും ഓരോ രാജ്യത്തും നിലനിന്നിരുന്ന നിയന്ത്രണങ്ങൾ ഒഴിവാക്കി ലോകം ഏക വിപണിയായി മാറിയപ്പോൾ വ്യവസായ - വാണിജ്യരംഗത്ത് മത്സരവും - കിടമത്സരവും വ്യാപകമായി. തുടർന്ന് ആഭ്യന്തര വ്യവസായങ്ങൾ പ്രതിസന്ധിയിലായി. സാമ്പത്തിക തകർച്ച ലോകത്താകെ സംഭവിച്ചു. അതാണ് 2008 - ൽ ജനങ്ങൾ അനുഭവിച്ച സാമ്പത്തിക പ്രതിസന്ധി.

ഏതു പ്രതിസന്ധി വന്നാലും അതു പ്രത്യക്ഷമായി ബാധിക്കുന്നത് പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികളെയാണ്. അതുകൊണ്ട് ഈ വിഷയങ്ങൾ അന്തർദേശീയ തലത്തിൽ ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ ഗൗരവ്വത്തോടെ ചർച്ച ചെയ്യുന്നു.

തൊഴിൽനിയമങ്ങൾ കർശനമായി നടപ്പാക്കണമെന്നും, തൊഴിലാളി ചൂഷണം ഒരിക്കലും അനുവദിക്കരുതെന്നും കുടിയേറ്റ തൊഴിലാളികൾക്ക് മാന്യമായ ജീവിതസാഹചര്യങ്ങൾ ഒരുക്കണമെന്നും തൊഴിൽരംഗത്ത് ശാസ്ത്രീയ തൊഴിൽ സമീപനം ഉണ്ടാകണമെന്നും അസംഘടിത തൊഴിലാളികളെ സംഘടിത മേഖലയിലേയ്ക്ക് ഉയർത്തികൊണ്ട് വരണമെന്നും സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേക പരിഗണന നൽകണമെന്നും ബാലവേല പൂർണ്ണമായും അവസാനിപ്പിക്കണമെന്നും ILO കർശനമായി നിർദ്ദേശിക്കുന്നു.

2030 ആകുമ്പോൾ എല്ലാവർക്കും മാന്യമായ തൊഴിലും സുസ്ഥിര വികസനവും ഐക്യരാഷ്ട്ര സഭ ഐക്യകണ്ഠേന തീരുമാനിച്ച് പ്രഖ്യാപിച്ചിരിക്കുന്നു.

ഈ നിർദ്ദേശ-തീരുമാനങ്ങൾക്കെതിരെയുള്ള ഏത് നീക്കങ്ങളെയും ILO ശക്തമായി എതിർക്കുന്നു. അതിന്റെ വ്യക്തമായ തെളിവാണ് ഖത്തർ തൊഴിലാളി വിഷയത്തിൽ ILO കൈക്കൊണ്ട കർശന നിലപാട്.

ILO തീരുമാനങ്ങളെ അവഗണിച്ച ഖത്തർ സർക്കാരിനെതിരെILO ഉപരോധം പ്രഖ്യാപിച്ചു. പ്രതിസന്ധിയിലായ ഖത്തർ സർക്കാർ ILO യ്ക്ക് മുമ്പിൽ കീഴടങ്ങി. എല്ലാ വ്യവസ്ഥകളും നിർദ്ദേശങ്ങളും അനുസരിക്കാമെന്നും നടപ്പിലാക്കാമെന്നും കരാർ ഒപ്പു വച്ചു. എന്നുമാത്രമല്ല നിരീക്ഷണത്തിനായിILO ഓഫീസ് തുറക്കുവാനും നടപടി സ്വീകരിച്ചു.

ഇത് ഗൾഫ് രാജ്യങ്ങളിൽ ഉണ്ടാക്കിയ തൊഴിലാളി മാറ്റങ്ങൾ ഏറെയാണ്.കേരളത്തിൽ നിന്നുള്ള തൊഴിലാളികൾ അടക്കം എല്ലാ രാജ്യങ്ങളിലേയും തൊഴിലാളികൾക്ക് ഗൾഫ് രാജ്യങ്ങളിൽ ഒരു പരിധി വരെ സുരക്ഷിതത്വം സൃഷ്ടിക്കുവാൻ ഈ നടപടികൾക്ക് കഴിഞ്ഞു.

ILO ഗവേണിംഗ് ബോഡിയിൽ തൊഴിലാളി പ്രതിനിധികളുടെ ശക്തമായ നിലപാടും ഈ നിലപാടിനു അനുകൂലമായി സമാഹരിക്കുവാൻ കഴിഞ്ഞ ഭൂരിപക്ഷ വോട്ടുകളുമാണ് ഈ തീരുമാനത്തിനു പിന്നിലെ പ്രേരകഘടകം.

കേരളത്തിലെ ചുമട്ടു തൊഴിലാളികളുടെ തലച്ചുമട് ഭാരം 50 കിലോ ആക്കി നിശ്ചയിക്കുന്നതിൽ ILO യുടെ ഇടപെടൽ അനിവാര്യമായി വന്നു എന്നതും ILO ഗവേണിംഗ് ബോഡിയിലെ തൊഴിലാളി പ്രതിനിധികളുടെ ഇടപെടൽ മൂലമാണ്.

ഇത്തരത്തിലുള്ള ദേശീയ - അന്തർദേശീയ വിഷയങ്ങൾ സമഗ്രമായി പഠിക്കുവാനും അതിനനുസരിച്ച് തൊഴിൽ മേഖലയിൽ മാറ്റങ്ങൾ വരുത്തുവാനും തൊഴിലാളികളെ സംരക്ഷിക്കുവാനുമുള്ള നടപടികൾക്കും പ്രവർത്തനങ്ങൾക്കും ഓരോ യൂണിയനും നേതൃത്വം നൽകണം.

## നിലവിലെ ദേശീയ - അന്തർദേശീയ സാമ്പത്തിക നയങ്ങൾ

രാജ്യപ്രതിരോധം, പോലീസിംഗ്, നീതിന്യായം, ടാക്സ് പിരിവ്, പശ്ചാത്തല സൗകര്യം ഒരുക്കൽ എന്നിവ മാത്രം സർക്കാർ നടത്തിയാൽ മതി. മറ്റ് വ്യാവസായിക - കാർഷിക - വാണിജ്യ - സേവന മേഖലകളിലെ എല്ലാ പ്രവർത്തനങ്ങളും വിപണിയ്ക്ക് വിട്ടു കൊടുക്കുക എന്ന മാർക്കറ്റ് എക്കണോമിയുടെ ധനതത്വശാസ്ത്രത്തെ പിൻതു

ടർന്നുള്ള സാമ്പത്തിക നയങ്ങളാണ് ലോകത്താകെ ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. ഇതിന് നേതൃത്വം നൽകുന്നത് അമേരിക്കയിലെ വാഷിംഗ്ടൺ DC ആസ്ഥാനമായുള്ള IMFഉം World Bank ഉം ആണ്.

ഓരോ രാജ്യത്തും വ്യവസായം എങ്ങനെ നടത്തണം, വിപണനം എങ്ങനെ നടത്തണം, ഇറക്കുമതി - കയറ്റുമതി നയങ്ങൾ എങ്ങനെയായിരിക്കണം. രാജ്യവികസനം എങ്ങനെ നടത്തണം, തൊഴിൽ നിയമങ്ങൾ എങ്ങനെയായിരിക്കണം, തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതികൾ എങ്ങനെയായിരിക്കണം, ജനങ്ങൾ എങ്ങനെ ജീവിക്കണം, വിദ്യാഭ്യാസം എങ്ങനെ ആയിരിക്കണം, ആഹാരം എന്തു കഴിക്കണം, എങ്ങനെ കഴിക്കണം, ചികിത്സ എങ്ങനെ ആയിരിക്കണം എന്നു തുടങ്ങി മനുഷ്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും IMF ഉം World Bank ഉം നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു. ഇവ അംഗീകരിച്ചില്ലെങ്കിൽ രാജ്യനിലനിൽപ്പു തന്നെ അപകടത്തിലാകുവിധം വ്യാവസായിക -സാമ്പത്തിക ഉപരോധങ്ങൾ സൃഷ്ടിക്കുവാനും അവർക്കു കഴിയുന്നു. ഈ നീരാളി പിടുത്തത്തിൽ അകപ്പെട്ടിരിക്കുകയാണ് ലോകരാജ്യങ്ങൾ ഇന്ന്.

എന്നാൽ ഈ അധീശത്വനിലപാടുകൾ ഇന്ന് തൊഴിലാളി ജീവിതത്തെ തകർത്തിരിക്കുന്നു. വികസിത - വികസ്വര രാജ്യങ്ങളും അവികസിത രാജ്യങ്ങളും ഓരേ പോലെ പ്രതിസന്ധിയിലാണ്.

ഈ സാമ്പത്തിക ആശയത്തിന് നേതൃത്വം കൊടുത്ത അമേരിക്ക പോലും ഇതിൽ നിന്നും പിൻമാറുവാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു. അതാണ് ഇപ്പോൾ നടക്കുന്ന അമേരിക്കൻ - ചൈന വ്യാപാര യുദ്ധം ബോധ്യപ്പെടുത്തുന്നത്.

എല്ലാം വെട്ടിപ്പിടിക്കാനുള്ള ആവേശത്തിൽ യൂറോപ്യൻ രാജ്യങ്ങൾ ഒന്നുചേർന്ന് രൂപീകരിച്ച യൂറോപ്യൻ യൂണിയൻ എന്ന പ്രത്യേക രാജ്യസങ്കൽപവും തകരുന്ന കാഴ്ച കാണുന്നു.

ഈ നയത്തിലൂടെ ചുരുങ്ങിയ കാലംകൊണ്ട് വികസിപ്പിച്ച് എല്ലാ ശരിയാക്കി അമേരിക്കൻ ജീവിതം ഉറപ്പു വരുത്താമെന്ന് ആവേശം നൽകി പ്രവർത്തിച്ച ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങൾ പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്നു.

ഇതിന്റെയെല്ലാം യാതനകൾ അനുഭവിക്കേണ്ടി വരുന്നത് പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികളാണ്. അതുകൊണ്ട് ഇത്തരം സാമ്പത്തിക നയങ്ങൾക്കെതിരെ പഠിക്കുവാനും ചിന്തിക്കുവാനും സംഘടിക്കുവാനും പ്രതികരിക്കുവാനും തൊഴിലാളികളിൽ അവബോധം സൃഷ്ടിച്ച് പ്രതിരോധിക്കുവാനും ഓരോ യൂണിയനും കഴിയണം.

## യൂണിയനുകളുടെ തർക്കങ്ങളും പരിഹാരങ്ങളും

മറ്റൊരു ട്രേഡ് യൂണിയനുകളിലും ഇല്ലാത്ത തരത്തിൽ തർക്കങ്ങളും പോർവിളികളും നടക്കുന്നുവെന്ന ദുഷ്പേര് ഐ.എൻ.റ്റി.യു.സി. യൂണിയനുകൾക്ക് മാത്രമുള്ളതായി മാറിയിരിക്കുന്നു.

പഴയ ചില മാടമ്പി തടവാടുകളിൽ നിലനിന്നിരുന്ന കുടുംബ വഴക്ക് പോലെ ആരു വിചാരിച്ചാലും തീരാത്ത തരത്തിൽ ഓരേ രജിസ്ട്രേഷനിലും, ഒരേ അഫിലിയേ

ഷൻ നമ്പരിലും പലവിഭാഗങ്ങളിലായി തിരിഞ്ഞ് ഭാരവാഹികളെ നിശ്ചയിച്ച് പ്രവർത്തിക്കുന്ന സംഘടനാ രീതി ഒരിക്കലും അംഗീകരിക്കാവുന്നതല്ല. ഇത്തരം പ്രവർത്തനം ഐ.എൻ.റ്റി.യു.സി.യ്ക്ക് അവമതിപ്പും ആക്ഷേപവും അവഹേളനവും സൃഷ്ടിക്കുന്നു.

ഇത് ട്രേഡ് യൂണിയൻ നിയമവ്യവസ്ഥകൾക്കും യൂണിയനുകളുടെ വ്യവസ്ഥാപിത ബൈലായ്ക്കും ഐ.എൻ.റ്റി.യു.സി.യുടെ പൊതുനിയമ വ്യവസ്ഥകൾക്കും തത്വങ്ങൾക്കും എതിരാണ്. ഇത്തരം നീക്കങ്ങളെ കർശനമായി നിയന്ത്രിക്കേണ്ടിയിരിക്കുന്നു.

ഐ.എൻ.റ്റി.യു.സി.യിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഓരോ സംഘടനയിലും അച്ചടക്കം പൂർണ്ണമായും പാലിക്കപ്പെടണം. യാതൊരു വ്യവസ്ഥയും മാനദണ്ഡങ്ങളുമില്ലാതെ ഐ.എൻ.റ്റി.യു.സി എന്ന പേരിൽ തങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ പ്രവർത്തിച്ച് ഐ.എൻ.റ്റി.യു.സി. എന്ന മഹത്തായ പ്രസ്ഥാനത്തിന് ആക്ഷേപം സൃഷ്ടിക്കുന്ന നടപടികൾ ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല.

ഐ.എൻ.റ്റി.യു.സി.യിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള യൂണിയനുകളിൽ ഉണ്ടാകുന്ന ആഭ്യന്തര തർക്കങ്ങൾ പരിഹരിക്കാൻ ഐ.എൻ.റ്റി.യു.സി ദേശീയ - സംസ്ഥാന ഭരണഘടനകളിൽ വ്യക്തമായ വ്യവസ്ഥയുണ്ട്. ഏതെങ്കിലും സംഘടനയിൽ തർക്കങ്ങൾ ഉണ്ടായാൽ ഈ വ്യവസ്ഥകൾ പ്രകാരമുള്ള പരിഹാര മാർഗ്ഗം തേടേണ്ടതാണ്. അതിന് തയ്യാറാകുന്നില്ലെങ്കിൽ അത്തരം സംഘടനകളെ ഐ.എൻ.റ്റി.യു.സി.യിൽ നിന്നും ഡിസ്അഫിലിയേറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

അതുപോലെ തന്നെ ഐ.എൻ.റ്റി.യു.സി.യിൽ വ്യവസ്ഥാപിതമായി അഫിലിയേറ്റ് ചെയ്യാത്ത ചില സംഘടനകൾ ഐ.എൻ.റ്റി.യു.സി.യുടെ പേരും, പതാകയും, എംബ്ലവും ഉപയോഗിക്കുന്നുണ്ട്. ഇത് നിയമവിരുദ്ധമാണ്. ഇതിനെതിരെ എറണാകുളം മുൻസിഫ് കോടതി വ്യക്തമായ ഉത്തരവിലൂടെ വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതാണ്.

ആയതിനാൽ ഇത്തരത്തിൽ അനധികൃതമായ ഐ.എൻ.റ്റി.യു.സി. പ്രവർത്തനം നടത്തുന്ന സംഘടനകൾക്കും നേതാക്കൾക്കുമെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കേണ്ടതായി വരും.

## ഇന്ത്യൻ തൊഴിലാളി മാഗസിൻ

ഒരു പ്രിന്റ് മാധ്യമം ഏതൊരു സംഘടനയുടെയും ശക്തിയാണ്. 2010 മുതൽ മുടങ്ങാതെ പ്രസിദ്ധീകരിച്ചു വരുന്ന ഇന്ത്യൻ തൊഴിലാളി മാഗസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ഇതിന് എല്ലാ യൂണിയനുകളുടെയും സഹായ സഹകരണങ്ങൾ ഉണ്ടാകണം.

## ജി. രാമാനുജം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

ഐ.എൻ.റ്റി.യു.സി. പ്രസ്ഥാനത്തിന് ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത ഐ.എൻ.റ്റി.യു.സി. സ്ഥാപക നേതാക്കളിൽ ഒരാളും, ദീർഘകാലം ഐ.എൻ.റ്റി.യു.സി. പ്രസിഡന്റുമായിരുന്ന ജി. രാമനുജത്തിന്റെ പേരിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവും കാലഘട്ടത്തിനനുസരിച്ച് വിപുലീകരിച്ച് പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. ഇതിനാവശ്യമായ സഹകരണവും എല്ലാ യൂണിയനുകളുടെയും ഭാഗത്തു നിന്നും ഉണ്ടാകണം.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

ആധുനികവൽക്കരണവും യന്ത്രവൽക്കരണവും എക്കാലത്തും തൊഴിലാളികളുടെ തൊഴിലവസരം നഷ്ടപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർയുഗത്തിന്റെ ഏറ്റവും പുരോഗമിച്ച ഘട്ടമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്ത് വരുന്നു. 1950 മുതൽ ആരംഭിച്ച ഗവേഷണത്തിന്റെ ഫലമായി മനുഷ്യന്റെ ബുദ്ധി പ്രവർത്തിക്കുന്നതുപോലെ വിവേചനത്തോടെ പ്രവൃത്തികൾ ചെയ്യാൻ കഴിയുന്ന യന്ത്രനിർമ്മാണങ്ങളുടെ അവസാനഘട്ടത്തിലാണ് ശാസ്ത്രലോകം. ഈ യന്ത്രങ്ങളെ കൃതൃമബുദ്ധിയെന്നും വിവേകമുള്ള യന്ത്രങ്ങളെന്നും പറയാം.

നിലവിൽ വ്യാപകമായ യന്ത്രവൽക്കരണത്തിലൂടെ 2030 ആകുമ്പോൾ ലോകത്ത് 80 കോടി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാകുമെന്ന് ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷനും (ILO) ഐക്യരാഷ്ട്രസഭയും വിലയിരുത്തുന്നു. ഇതിനോടൊപ്പം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കൂടി പ്രാവർത്തികമായാൽ സംഭവിക്കുന്ന തൊഴിൽ നഷ്ടം എത്രയെന്ന് ആർക്കും പ്രവചിക്കാൻ കഴിയില്ല.

തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന ഇത്തരം വെല്ലുവിളികളെ നേരിടുന്നതിനെ കുറിച്ച് ചിന്തിക്കേണ്ടത് പണിയെടുത്ത് ജീവിക്കുന്ന തൊഴിലാളികളും അവരുടെ സംഘടനകളുമാണ്. പണിയെടുപ്പിക്കുന്നവർക്കോ ഭരിക്കുന്നവർക്കോ ഇത്തരം മാറ്റങ്ങൾ കൊണ്ട് യാതൊന്നും സംഭവിക്കുകയില്ല.

ആയതിനാൽ ഐ.എൻ.റ്റി.യു.സി.യിലെ ഓരോ യൂണിയനും നേതാക്കളും ഇത്തരം മാറ്റങ്ങളെ കുറിച്ച് പഠിക്കുവാനും വിലയിരുത്തുവാനും ദേശീയ – അന്തർദേശീയ തലങ്ങളിൽ തൊഴിലാളികളെ ഒരുമിച്ച് നിർത്തി പരിഹാരം നേടുവാനുള്ള നടപടികളും പ്രവർത്തനങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.



Published By V.J. Joseph, General Secretary
for INTUC Kerala State Committee